| 02-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- അമൃതവേളയിൽ ഉണർന്ന് മെഡിറ്റേഷൻ ചെയ്യൂ, ചിന്തനം ചെയ്യൂ, ഞാൻ ആത്മാവാണ്, ഞങ്ങളുടെ ബാബ പൂന്തോട്ടക്കാരനാണ്, ബാബതന്നെയാണ് തോണിക്കാരനും, ഞാൻ ബാബയുടെ സന്താനമാണ്. അധികാരിയായി മാറി ജ്ഞാനരത്നങ്ങളെ സ്മരിക്കു.**

**ചോദ്യം-** ഏതൊരു കാര്യത്തിനാണ് ഈ ലോകത്തിലും ബാബയ്ക്കും മഹിമയുള്ളത്?
**ഉത്തരം-** ദാനത്തിന്. നിങ്ങൾ കുട്ടികൾ ദയാഹൃദയരായി മാറി എല്ലാവരിലും കൃപ കാണിക്കണം. എല്ലാവർക്കും അവിനാശീ ജ്ഞാനരത്നങ്ങളുടെ ദാനം നൽകണം. ദാനികൾക്ക് വളരെ അധികം മഹിമയുണ്ട്. പത്രങ്ങളിലും അവരുടെ പേര് വരുന്നു. അതിനാൽ നിങ്ങളും എല്ലാവർക്കും ദാനം നൽകണം അർത്ഥം മെഡിറ്റേഷൻ പഠിപ്പിക്കണം.

**ഗീതം-** എനിക്ക് ആശ്രയം നൽകുന്നവനേ.........

**ഓംശാന്തി**. ആരാണോ മുങ്ങിക്കൊണ്ടിരിക്കുന്നത് അവർക്കാണ് ആശ്രയം നൽകേണ്ടത്, അവരെ അക്കരെ എത്തിക്കാനായി സഹായിക്കുന്നു എന്തുകൊണ്ടെന്നാൽ തോണിക്കാരൻ എന്ന പേര് ഭാരതവാസികൾക്ക് അറിയാം. തോണിക്കാരന്റെ ജോലിയാണ് മുങ്ങുന്നവരെ രക്ഷിക്കുക എന്നത്. കുട്ടികൾക്ക് അറിയാം- ഭാരതവാസികളുടെ തോണി മുങ്ങിയിരിക്കുകയാണ്. സർവ്വകാര്യങ്ങളും ഭാരതവാസികൾക്കുവേണ്ടിത്തന്നെയാണ്. ബാക്കി ഒരു ഖണ്ഢത്തിനുവേണ്ടിയുമല്ല പറയുന്നത്. ഇതും നിങ്ങൾക്കറിയാം, സത്യനാരായണന്റെ കഥ അഥവാ അമരനാഥന്റെ കഥയും ഇവിടെയാണ് നടക്കുന്നത്. നിങ്ങൾ അതിരാവിലെ ഉണർന്ന് മെഡിറ്റേഷനിൽ ഇരിക്കുമ്പോൾ ആരെയാണ് ഓർമ്മിക്കുന്നത്? ഭക്തിമാർഗ്ഗത്തിലാണെങ്കിൽ പലരും പലരെയാണ് ഓർമ്മിക്കുക. അവരുടെ മുഴുവൻ സാധനയും അയഥാർത്ഥമാണ്. പഠിപ്പിക്കുന്നവനോ തോണിക്കാരനോ പൂന്തോട്ടക്കാരനോ ഇല്ല. ഗുരുക്കന്മാരും ഇങ്ങനെ ഇങ്ങനെ ചെയ്യൂ എന്ന് പറഞ്ഞ് മെഡിറ്റേഷൻ പഠിപ്പിക്കുന്നു. ഓർമ്മയിൽ ഇരിക്കാനായി വളരെ പ്രയത്നിക്കുന്നു. യോഗത്തെ സാധനയെന്നാണ് പറയാറ്. അവിടെ മനുഷ്യനാണ് മനുഷ്യനെക്കൊണ്ട് ചെയ്യിക്കുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം ഈ പൂന്തോട്ടത്തിന്റെ തോട്ടക്കാരൻ അഥവാ ഉടമസ്ഥൻ പരമപിതാ പരമാത്മാവാണ്. മുള്ളുകളുടെ കാടിന്റെ അധികാരിയാണ് രാവണൻ. മായാരാവണൻ മുള്ളുകൾ നിറഞ്ഞ കാടുണ്ടാക്കുന്നു. നിങ്ങളുടെ ഈ കാര്യങ്ങളും വിരളംപേരേ അറിയുന്നുള്ളു. മറന്നുപോകുന്നു, മായ മറവിപ്പിക്കുന്നു. മെഡിറ്റേഷനിൽ ഇരിക്കുമ്പോഴും മായ വലിയ വിഘ്നങ്ങൾ ഇടുന്നു. മെഡിറ്റേഷൻ എങ്ങനെയാണ് ചെയ്യേണ്ടത്- ഇതും ബാബ പഠിപ്പിക്കുന്നു. നിങ്ങളാണെങ്കിൽ കർമ്മയോഗികളാണ്. പകൽ കർമ്മങ്ങൾ ചെയ്യുകതന്നെ വേണം. അതിന് ഒരു ബന്ധനവുമില്ല. പകൽ മെഡിറ്റേഷൻ ചെയ്യാൻ സാധിക്കുന്നില്ല. പകൽ കഴിക്കുക-കുടിക്കുക, കളിക്കുക- ചുറ്റിക്കറങ്ങുക, ജോലിവേലകൾ ചെയ്യുക എന്നിവയാണ് നടക്കുക. അപ്പോൾ ഓർമ്മയുണ്ടാവുക സാധ്യമല്ല. ഞങ്ങൾ മുഴുവൻ ദിവസവും ഓർമ്മയിൽ ഇരിക്കുന്നു എന്ന് വളരെ അധികം പറയാറുണ്ട് എന്നാൽ അത് വളരെ കഠിനമാണ്. ബാബയും അനുഭവം പറയാറുണ്ട്. അമൃതവേളയിലെ സമയം സതോഗുണിയായിരിക്കും, ആ സമയം ഓർമ്മിക്കുന്നത് സഹജമായിരിക്കും. അമൃതവേളയിലെ സമയം വളരെ നല്ലതാണ്. പകൽ ബിസിയായിരിക്കും. അഥവാ കർമ്മം ചെയ്യുമ്പോഴും ഓർമ്മ സ്ഥായിയായി നിൽക്കുന്നുവെങ്കിലത് വളരെ നല്ലതാണ്. എന്നാൽ ബാബ തന്റെ അനുഭവം പറയുന്നു- ഞാൻ ബാബയുടെ ഓർമ്മയിൽ ഇരുന്ന് ബാബയോട് സംസാരിക്കാൻ പരിശ്രമിക്കാറുണ്ട്. ഉള്ളിൽ ഈ ലഹരിയുണ്ടാകും- ഞാൻ അച്ഛൻ(പ്രജാപിതാ ബ്രഹ്മാ) സ്വയം കുട്ടികളോട് സംസാരിക്കുകയാണ്. ഞാൻ സ്വയം മനുഷ്യസൃഷ്ടിയുടെ പിതാവാണ്- ഇങ്ങനെ ചിന്തിക്കുമ്പോൾ ലഹരി കയറുന്നു. ബാക്കി ഞാൻ ആത്മാവാണ്, പരമപിതാ പരമാത്മാവായ അച്ഛനെ ഓർമ്മിച്ചുകൊണ്ട് സംസാരിക്കണം, ഈ ഓർമ്മ വളരെ പരിശ്രമിച്ചാണ് ഉണ്ടാകുന്നത്. ബാബ തന്റെ അഭിപ്രായം പറയാറുണ്ടല്ലോ. ബാബ പഠിപ്പിക്കാറുമുണ്ട്. ഇതറിയാം ബാബ തോട്ടക്കാരനുമാണ്. തോട്ടക്കാരൻ തീർച്ചയായും പൂന്തോട്ടമാണ് ഉണ്ടാക്കുക. മുള്ളുകളെ ഉണ്ടാക്കില്ലല്ലോ. തോട്ടക്കാരൻ മുള്ളുകളുടെ വിത്ത് വിതയ്ക്കുമോ. ഉടമസ്ഥൻ സദാ പൂന്തോട്ടക്കാരനായിരിക്കും സദാ പൂക്കളാണുണ്ടാക്കുക. അതിനാൽ ബാബയും പൂക്കളാണ് നടുന്നത്. കാടുണ്ടാക്കുന്നയാൾ മായയാണ്. മായയുടെ അഭിപ്രായം അനുസരിച്ച് നടക്കുന്നതിലൂടെ മനുഷ്യൻ മുള്ളായിത്തീരുന്നു. ബാബ പൂന്തോട്ടക്കാരനാണ്, തോണിക്കാരനാണ്, ദയാഹൃദയനുമാണ്, ബീജരൂപനുമാണ് എന്ന ജ്ഞാനം നമുക്ക് ലഭിച്ചു. രാത്രി ഇരിക്കുമ്പോൾ ചിന്ത വരുന്നു- ഇതെത്രവലിയ പൂന്തോട്ടമാണ്! ആദ്യം എത്ര ചെറുതായിരുന്നു! അതി

നാൽ യോഗത്തോടൊപ്പം ജ്ഞാനവും വേണം. മനുഷ്യർക്കാണെങ്കിൽ ജ്ഞാനം ഒന്നുംതന്നെയില്ല. അനേകപ്രകാരത്തിലുള്ള യോഗം ചെയ്യുന്നുണ്ട്. എന്തിന്റേയെങ്കിലുമൊക്കെ ഓർമ്മയിൽ ഇരിക്കുകയായിരിക്കും. ജ്ഞാനത്തിന്റെ കാര്യമേയില്ല. കാളിമാതാവിന്റെ ഓർമ്മയിൽ ഇരിക്കുകയാണെങ്കിൽ കേവലം കാളിയുടെ മുഖം മാത്രമേ ഓർമ്മയിൽ വരൂ. ജഗദംബയെ ഓർമ്മിച്ചുകൊണ്ടിരിക്കും. അത് ഭക്തിമാർഗ്ഗമാണ്. അച്ഛന്റെ ഓർമ്മയുമുണ്ടാകില്ല, സമ്പത്തിന്റെ ഓർമ്മയും ഉണ്ടാകില്ല. വളരെ അധികം രീതികളിൽ ഭക്തിചെയ്യുന്നു. മാല കറക്കുന്നു. ചിലർ ഗുപ്തമായി കറക്കിക്കൊണ്ടിരിക്കും. നമ്മുടേതും ഗുപ്തമായ മാലയാണ്. അതിനാൽ ഭക്തിമാർഗ്ഗത്തിൽ ഈ ആചാരം എത്ര നന്നായി നടക്കുന്നു. ബാബയ്ക്ക് ചെറുപ്പത്തിൽ അനുഭവമുണ്ട്. എങ്ങനെയാണോ അച്ഛൻ കറക്കുന്നത്, ഞങ്ങളും അതുകണ്ട് അതുപോലെ കൊച്ചുമുറിയിൽ ഇരുന്ന് മാല കറക്കുമായിരുന്നു. രാമ-രാമ എന്നു പറയുമായിരുന്നു. അത്രയേയുള്ളു, ജ്ഞാനമൊന്നുമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളിൽ ജ്ഞാനമുണ്ട്. അമൃതവേളയിൽ ഈ മെഡിറ്റേഷൻ ചെയ്യുന്ന ശീലം ഉണ്ടായാൽ വളരെ രസം തോന്നും. ബാബ തന്റെ അനുഭവം പറയുകയാണ്. ജ്ഞാനത്തിൽ രമിച്ചിരിക്കും. എത്രവലിയ പൂന്തോട്ടമാണ്. ആദ്യം ചെറുതായിരുന്നു. ബീജത്തേയും ഓർമ്മവന്നു, പൂന്തോട്ടത്തേയും ഓർമ്മവന്നു. എങ്ങിനെയാണ് പൂന്തോട്ടം ഉണ്ടാകുന്നത്- ഈ ജ്ഞാനം ബാബയിലുമുണ്ട്, നമ്മളിലുമുണ്ട്. മുഴുവൻ വൃക്ഷവും ബുദ്ധിയിൽ വരുന്നു. ഉള്ളിൽ നടന്നുകൊണ്ടേയിരിക്കും, ഇതിനെയാണ് മെഡിറ്റേഷൻ എന്നു പറയുന്നത്. അച്ഛനെ ഓർത്തും സന്തോഷം, ജ്ഞാനത്തെ ഓർത്തും സന്തോഷം. രണ്ടുകാര്യങ്ങളും ഓർമ്മയിൽ വരും. തത്വജ്ഞാനികൾക്ക് ഇത്തരത്തിലുള്ള മെഡിറ്റേഷനിൽ ഇരിക്കാൻ കഴിയില്ല. അവർക്ക് തീർച്ചയായും തത്വമാണ് ഓർമ്മവരുക. തത്വത്തിൽ ലയിച്ചുചേരണം, കഴിഞ്ഞു. രചയിതാവിനേയും രചനയേയും അവർക്ക് അറിയുകതന്നെയില്ല. അതിനാൽ അവരുടേയും നിങ്ങൾ കുട്ടികളുടേയും കാര്യങ്ങൾ വ്യത്യസ്തമാണ്.

ബാബ ബീജരൂപനാണ്- ഈ ജ്ഞാനം നമുക്കുണ്ട്. രാത്രി ഇരുന്നാൽ വളരെ നല്ല നല്ല ചിന്തകൾ വരും. ഭക്തിമാർഗ്ഗത്തിൽ എന്തെല്ലാമാണ് ചെയ്തത് എന്ന് മനസ്സിലാക്കാൻ കഴിയും. എത്ര ഹഠയോഗം പഠിപ്പിച്ചിരുന്നു. ഇപ്പോൾ വിവേകം ലഭിച്ചു ബാബയെ ഓർമ്മിക്കുന്നതിലൂടെ ബാബയുടെ മുഴുവൻ രചന(വൃക്ഷം)യുടേയും ഓർമ്മവരുന്നു. നമ്മൾ 84 ജന്മങ്ങളുടെ ചക്രം കറങ്ങിയാണ് വന്നത്. ഇപ്പോൾ നമ്മൾ തിരിച്ച് പോവുകയാണ്. ഈ ഡ്രാമയുടെ ചക്രം കറങ്ങിക്കൊണ്ടിരിക്കും. ജ്ഞാനധനത്തേയും ഓർമ്മിക്കുന്നു, ജ്ഞാനധനം നൽകുന്നയാളേയും ഓർമ്മിക്കുന്നു. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും അവസ്ഥ പരിപക്വമായിക്കൊണ്ടിരിക്കും. നിങ്ങൾക്ക് ആർക്ക് വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ കഴിയും- നമ്മൾ എങ്ങനെയാണ് മെഡിറ്റേഷൻ ചെയ്യുന്നതെന്ന്. മനുഷ്യർക്ക് അനേകപ്രകാരത്തിലുള്ള അഭിപ്രായം ലഭിക്കും- ഇന്നയാളെ ഓർമ്മിക്കൂ. ഇവിടെ നാമെല്ലാവരും ഏകമതത്തിലാണ്, ഒന്നിനെത്തന്നെയാണ് ഓർമ്മിക്കുന്നതും. കുട്ടികൾക്കും മുതിർന്നവർക്കും വൃദ്ധർക്കും എല്ലാം ഒരു മതമാണ് ലഭിക്കുന്നത്. മെഡിറ്റേഷനിൽ ഇരിക്കണമല്ലോ. നമ്മൾ ആത്മാക്കൾ തന്നെ പരമാത്മാവാകുക സാധ്യമല്ല. ആത്മാവാണ് പറയുന്നത്- ഞങ്ങൾ 84 ജന്മങ്ങൾ പൂർത്തിയാക്കി, ഇപ്പോൾ തിരിച്ച്പോകണം. പരമാത്മാവ് എന്താ ഇങ്ങനെ പറയുമോ? ബാബ പുനർജന്മത്തിൽ വരുന്നതേയില്ല. നിങ്ങളുടെ അടുത്തേയ്ക്ക് ആരെങ്കിലും വന്നാൽ അവരെ ഹാളിലേയ്ക്കുകൊണ്ടുവരൂ. നല്ല നല്ല ആളുകൾ വരുമ്പോൾ നോക്കൂ, അവരിൽ മനസ്സിലാക്കുന്നതിനുള്ള ആഗ്രഹമുണ്ടെങ്കിൽ അവരെ ഇവിടേയ്ക്ക് കൊണ്ടുവരൂ, എന്നിട്ട് അവർക്ക് മനസ്സിലാക്കിക്കൊടുക്കൂ നമ്മൾ എങ്ങനെയാണ് മെഡിറ്റേഷൻ ചെയ്യുന്നതെന്ന്. രാത്രിയും മെഡിറ്റേഷൻ ചെയ്യുന്നു, പകലും ചെയ്യുന്നു. നമ്മൾ ഒരച്ഛനെയാണ് ഓർമ്മിക്കുന്നത്. ബാബയുടെ ആജ്ഞയാണ്- എന്നെ ഓർമ്മിക്കൂ ഒപ്പം രചനയുടെ ചക്രത്തേയും ഓർമ്മിക്കൂ. 84 ജന്മങ്ങളെക്കുറിച്ചും പാടപ്പെട്ടിട്ടുണ്ട്. തീർച്ചയായും ആദ്യമാദ്യം ദേവീദേവതകളായിരിക്കും ഉണ്ടായിരുന്നത്. അവരുടെ 84 ജന്മങ്ങളെക്കുറിച്ചാണ് പാടിയിട്ടുള്ളത്. ഈ ചക്രത്തിന്റെ രഹസ്യം നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കണം. നമുക്ക് അച്ഛനേയും അച്ഛന്റെ രചനയായ ഈ ചക്രത്തേയും ഓർമ്മയുണ്ടാവും. ബാബയുടെ ഓർമ്മയും രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനവും ബുദ്ധിയിലുണ്ട്. നമ്മൾ എല്ലാവരുടേയും മതം ഒന്നുതന്നെയാണ്. നമ്മൾ ശ്രീമത്തിലാണ്. ആ പതിതപാവനനായ അച്ഛൻ തന്നെയാണ് വന്ന് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നത്. അതിനാൽ തീർച്ചയായും അച്ഛനെ ഓർമ്മിക്കണം. അച്ഛനിലൂടെ തന്നെയാണ് നമ്മൾ സമ്പത്ത് നേടുന്നത്. പിന്നീട് വീഴുന്നു, അവസാനം പതിതമായി മാറുന്നു. രചയിതാവായ അച്ഛൻ രചനയുടെ ജ്ഞാനമാണ് നൽകുക. ഗോഡ്ഫാദർ നോളേജ്ഫുള്ളാണ് പതിതപാവനനാണ്. അതിനാൽ തീർച്ചയായും പതിതലോകത്തിൽ വന്നല്ലേ പാവനമാക്കുക. ഇങ്ങനെ നിങ്ങൾ ആരെ ഇരുത്തി മനസ്സിലാക്കിക്കൊടുത്താലും പ്രഭാവിതരാകും. പറയൂ, കേവലം നല്ലത് നല്ലത് എന്ന് പറഞ്ഞ് പോകരുത്, ഇത് പ്രാക്ടിക്കലിലേയ്ക്ക് കൊണ്ടുവരണം. ജന്മജന്മാന്തരങ്ങളിലെ ഭാരം തലയിൽ വളരെയുണ്ട്. ഇതിന് സമയം എടുക്കും.

നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കണം- ബാബ വന്നിരിക്കുകയാണ്, മരണം മുന്നിലുണ്ട്, തെറ്റ് ചെയ്യുക യാണെങ്കിൽ സമ്പത്ത് നേടാൻ കഴിയില്ല. ശുഭകർമ്മം ചെയ്യുന്നതിൽ വൈകാൻ പാടില്ല. ഇപ്പോൾ പഠിച്ചിട്ട് പോകൂ. ഈ മെഡിറ്റേഷൻ ചെയ്യുന്നതിലൂടെ നിങ്ങൾക്ക് നന്നായി ലഹരിയുണ്ടാകും. ഇപ്പോൾ അച്ഛനെ ഓർമ്മിക്കു. നിങ്ങളുടെ അച്ഛൻ തന്നെയല്ലേ. ഭക്തിമാർഗ്ഗത്തിൽ ജന്മജന്മാന്തരം ഓർമ്മിച്ചുവന്നു. ലൗകിക പിതാവ് ജന്മജന്മങ്ങളിൽ മാറിക്കൊണ്ടിരിക്കും എന്നിട്ടും നിങ്ങൾ നിരാകാരനായ അച്ഛനെ ഓർമ്മിച്ചുകൊ ണ്ടിരുന്നു എന്തുകൊണ്ടെന്നാൽ അത് അവിനാശിയായ അച്ഛനാണ്. ലൗകിക പിതാവിൽ നിന്ന് വിനാശി യായ സമ്പാദ്യം ലഭിക്കുന്നു. അവിനാശിയായ പിതാവിൽ നിന്ന് അവിനാശിയായ സമ്പാദ്യം ലഭിക്കുന്നു. നമ്മൾ ശ്രീ ശ്രീയായ ആളുടെ ശ്രീമതത്തിലൂടെ ശ്രേഷ്ഠമായി മാറുന്നു. ആദിസനാതനദേവീദേവതാ ധർമ്മം തന്നെയാണ്. അതിൽ നിന്നാണ് മറ്റുള്ളവയെല്ലാം ഉണ്ടാകുന്നത്. സന്യാസികളുടേത് രജോപ്രധാന സന്യാ സമാണ്. ഇത് സതോപ്രധാനസന്യാസമാണ്. ഇത് രാജയോഗമാണ്.

ഭാരതത്തിന്റെ മുഖ്യശാസ്ത്രമാണ് ഗീത. അതിനാൽ മെഡിറ്റേഷന്റെ കാര്യത്തിൽ ഇത് മനസ്സിലാക്കിക്കൊ ടുക്കണം- അച്ഛൻ ഞങ്ങൾക്ക് ഇങ്ങനെയുള്ള മെഡിറ്റേഷനാണ് പഠിപ്പിക്കുന്നത്. ഒരിയ്ക്കലും മനുഷ്യനെ ഭഗവാൻ എന്നു പറയാൻ സാധിക്കില്ല. എല്ലാവരുടേയും ഭഗവാൻ ഒരാളായിരിക്കേണ്ടേ. ബാബ പതിതപാ വനൻ, അവർ തന്നെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് അവർ വരുന്നതും ഭാരതത്തിൽ തന്നെയാണ്. ഭക്തി മാർഗ്ഗത്തിൽ ബാബയ്ക്ക് എത്രവലിയ ക്ഷേത്രമാണ് ഉണ്ടാക്കിയിരിക്കുന്നത്. ആ ശ്രീ ശ്രീയുടെ മതത്തി ലൂടെ തന്നെയാണ് ഞങ്ങൾ ശ്രേഷ്ഠമാകുന്നത്. ഈ കാര്യങ്ങളെല്ലാം ഇരുന്ന് മനസ്സിലാക്കു. അച്ഛനേയും രചനയുടെ ആദി-മദ്ധ്യ- അന്ത്യത്തേയും അറിയൂ. ഇത് മറ്റാർക്കും അറിയില്ല. സത്യയുഗത്തിന്റെ ആയുസ്സ് തന്നെ എത്രയാണ് പറയുന്നത്. ആദ്യം വൃക്ഷം പുതിയതായിരിക്കുമ്പോൾ അതിനെ സ്വർഗ്ഗമെന്ന് പറയു ന്നു. പിന്നീട് അത് ജീർണ്ണിച്ച അവസ്ഥയിലെത്തുന്നു. ഇപ്പോൾ ഈ മുഴുവൻ ലോകവും നരകമാണ്. വീട് വീടാന്തരം എന്തിന് മുഴുവൻ ലോകംതന്നെ നരകമാണ്. ഇത് തന്നെയാണ് മുള്ളുകളുടെ കാട്. പരസ്പരം മുള്ളുകൾ കുത്തിവേദനിപ്പിച്ചുകൊണ്ടിരിക്കുന്നു. അച്ഛൻ വന്ന് അള്ളാഹുവിന്റെ പൂന്തോട്ടം ഉണ്ടാക്കുന്നു. അച്ഛൻ വന്ന് സ്വർഗ്ഗം സ്ഥാപിക്കുന്നു. എന്തിനേയാണ് പൂന്തോട്ടം എന്ന് പറയുക എന്തിനേയാണ് മുള്ളു കളുടെ കാട് എന്നു പറയുക, ഇത് നിങ്ങൾക്ക് അറിയാം. നിങ്ങൾ ദൈവീകപുഷ്പമായി മാറുന്നു. അതി നാൽ ചിന്തനം നടന്നുകൊണ്ടിരിക്കണം. ബാബയിലും ഈ ജ്ഞാനമുണ്ട്. കുട്ടികളിലും ഈ ജ്ഞാനമുണ്ട്. ഇങ്ങനെ ഇങ്ങനെ ചിന്തിച്ചാൽ രാത്രിയിൽ വളരെ രസമുണ്ടാകും, ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കു. പാവങ്ങൾക്ക് ഒന്നും അറിയില്ല അതിനാൽ നിങ്ങൾക്ക് ദയതോന്നണം. ഓ ഗോഡ് ഫാദർ എന്ന് വിളിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ അച്ഛനേയോ അച്ഛന്റെ രചനയേയോ അറിയുകയില്ല. നമ്മളും ഇപ്പോൾ അല്ലാ ഹുവിന്റെ കുട്ടികളായിരിക്കുന്നു. മനസ്സിലാക്കിക്കൊടുക്കാനും വളരെ ലഹരിവേണം. അവിനാശിയായ ജ്ഞാനരത്നമുണ്ടെങ്കിൽ പിന്നെ അത് ദാനം ചെയ്യണം. ദാനം ചെയ്യുന്നവരുടെ മഹിമ വളരെ അധികം പാടുന്നു. പത്രങ്ങളിലും വരുന്നു. ധാർമ്മിക മനസ്സുള്ളവരാണ് ദാനം ചെയ്യുക. നിങ്ങളും ധാർമ്മിക മനസ്സു ള്ളവരാണ് . ദാനം ചെയ്യുന്നില്ലെങ്കിൽ പിന്നെ എന്താണ് കിട്ടുക? തീർച്ചയായും ദാനം നൽകണം. ജ്ഞാനെ ദാനം ചെയ്യുന്നത് അതി സഹജമാണ്. ബാബ പറഞ്ഞുതരുന്നു- നമ്മൾ ഇങ്ങനെ മെഡിറ്റേഷനിൽ ഇരിക്കു ന്നു, ഈ ലോകത്തിന്റെ ചക്രം ഇങ്ങനെ കറങ്ങുന്നുവെന്ന്. ആദ്യം ഒരു ധർമ്മമായിരുന്നു. പിന്നാലെ ഈ ധർമ്മം വന്നു. ഇതെല്ലാം കൊമ്പുകളാണ്. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇരിക്കണം. മനുഷ്യർക്ക് യോഗത്തോട് വളരെ താത്പര്യം ഉണ്ടാകും. പറയണം, വന്ന് ഞങ്ങളുടെ മെഡിറ്റേഷൻ കാണു. ധാർമ്മിക ചിന്താഗതിയുള്ളവർക്ക് മെഡിറ്റേഷൻ ഹാൾ കാണുമ്പോൾ തന്നെ സന്തോഷമായിരി ക്കും. ധാർമ്മിക ചിന്താഗതിയുള്ളവർ ഒരിയ്ക്കലും പാപം ചെയ്യില്ല. നിങ്ങളുടെ പക്കൽ മനസ്സിലാക്കിക്കൊ ടുക്കാൻ വളരെ പോയിന്റ്സുണ്ട്. എന്നാലും കുട്ടികൾ നമ്പർവൈസാണ്. ചില കുട്ടികളുടെ ബുദ്ധിയുടെ പൂട്ട് തന്നെ തുറക്കുന്നില്ല. അച്ഛനെ ഓർമ്മിക്കുന്നില്ലെങ്കിൽ പിന്നെങ്ങനെ പൂട്ട് തുറക്കും? കാര്യം വളരെ സഹജമാണ്. നമ്മൾ ഓർമ്മയിൽ എങ്ങനെയാണ് ഇരിക്കുന്നത് എന്ന് മനസ്സിലാക്കിക്കൊടുക്കണം. മനു ഷ്യർക്കാണെങ്കിൽ അറിയുകയുമില്ല നമ്മൾ ആരെയാണ് ഓർമ്മിക്കുന്നതെന്ന്! സർവ്വരുടേയും അച്ഛൻ നിരാകാരനായ പരമപിതാവാണ് സ്വയം നമ്മെ പഠിപ്പിക്കുന്നത്. പതീതപാവനൻ ഗോഡ്ഫാദർ നമ്മെ രാജയോഗം പഠിപ്പിക്കുന്നു. ഇപ്പോൾ നിങ്ങൾ പഠിച്ചാലും ശരി, പഠിക്കുന്നില്ലെങ്കിലും ശരി. ഞങ്ങൾ എല്ലാ വരുടേയും മതം ഒന്നുതന്നെയാണ്. ശ്രീ ശ്രീയിൽ നിന്നും ഞങ്ങൾ മതം എടുത്തുകൊണ്ടിരിക്കുകയാണ്. ഇതാണ് ലക്ഷ്യം. എങ്ങനെയാണോ അച്ഛൻ നോളേജ്ഫുൾ, അതുപോലെ തന്നെയാണ് മക്കളും. മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നത് ഒരേ ഒരു ബാബയാണ്. ഇങ്ങനെ ഇങ്ങനെ ചിന്തിക്കുകയാണെങ്കിൽ രാത്രിയിലും വളരെ രസമുണ്ടാകും. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. അമൃതവേളയിൽ എഴുന്നേറ്റ് ഓർമ്മയിൽ ഇരുന്ന് ജ്ഞാനത്തിൽ രമിക്കണം. ജ്ഞാനധനത്തേയും ജ്ഞാന ദാതാവിനേയും ഓർമ്മിക്കണം.

2. ഈശ്വരീയ ലഹരിയിൽ ഇരുന്ന് സേവനം ചെയ്യണം. എല്ലാവർക്കും മെഡിറ്റേഷൻ ചെയ്യുന്നതിനുള്ള സഹജവിധി പറഞ്ഞുകൊടുക്കണം. ഏകമതത്തിൽ ഇരിക്കണം.

### വരദാനം:- ആത്മീയ പ്രസന്നതയുടെ വൈബ്രേഷനിലൂടെ സർവ്വരെയും ശാന്തിയുടെയും ശക്തിയുടെയും അനുഭൂതി ചെയ്യിപ്പിക്കുന്ന സർവ്വപ്രാപ്തി സ്വരൂപരായി ഭവിക്കട്ടെ.

ആരാണോ പരമാത്മാ പ്രാപ്തികളാൽ സമ്പന്നരും സർവ്വപ്രാപ്തി സ്വരൂപരുമായ കുട്ടികൾ, അവരുടെ മുഖത്തിലൂടെ ആത്മീയ പ്രസന്നതയുടെ വൈബ്രേഷൻ അന്യാത്മാക്കൾ വരെ എത്തിച്ചേരുന്നു, മാത്രമല്ല അവരും ശാന്തിയുടെയും ശക്തിയുടെയും അനുഭൂതി ചെയ്യുന്നു. ഫലദായക വൃക്ഷം തന്റെ ശീതളതയുടെ തണലിൽ മനുഷ്യർക്ക് ശീതളതയുടെ അനുഭവം ചെയ്യിപ്പിക്കുന്നു, അവർ പ്രസന്നരാകുന്നു, അതേപോലെ താങ്കളുടെ പ്രസന്നതയുടെ വൈബ്രേഷൻ തങ്ങളുടെ പ്രാപ്തികളുടെ തണലിലൂടെ ശരീരത്തിനും മനസ്സിനും ശാന്തിയുടെയും ശക്തിയുടെയും അനുഭൂതി ചെയ്യിപ്പിക്കുന്നു.

### സ്ലോഗൻ:- ആര് സ്മൃതി സ്വരൂപരായിരിക്കുന്നുവോ അവർക്ക് ഏതൊരു പരിസ്ഥിതിയും കളിക്ക് സമാനം അനുഭവപ്പെടുന്നു.